# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2196 18.03.2015-ൽ മറുപടിക്ക്

ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ്
പി.ടി.എ. റഹിം.
പുരുഷൻ കടലുണ്ടി
ആർ. രാജേഷ്

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### കേന്ദ്ര ബഡ്ജറ്റ്

| | | |
|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | കേന്ദ്ര ബജറ്റിലെ വിവിധ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നുള്ള അവലോകനം നടത്തിവരുന്നതേയുള്ളൂ. |
| (ബി) | സേവന നികുതിയിൽ വരുത്തിയ രണ്ടു ശതമാനം വർദ്ധന സംസ്ഥാനത്തിന് പ്രതികൂലമായി ബാധിക്കുമോ; | |
| (സി) | കേന്ദ്ര ബഡ്ജറ്റ് പാസാകുന്നതോടു കൂടി കേന്ദ്ര പദ്ധതി വിഹിതത്തിൽ വൻ കുറവുണ്ടാകുമോ; വ്യക്തമാക്കുമോ; | 2015-16 ലെ കേന്ദ്ര ബജറ്റ് പ്രകാരം സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായത്തിലും കുറവ് വന്നിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം സംബന്ധിച്ച് വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇത് സംബന്ധിച്ച യഥാർത്ഥ കുറവ് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |
| (ഡി) | സംസ്ഥാനത്തിനുള്ള നികുതി വിഹിതത്തിൽ, ഏതെല്ലാം ഇനങ്ങളിൽ എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു; മുൻവർഷം | 2014-15 സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2015-16 സാമ്പത്തിക വർഷം വിവിധ കേന്ദ്ര നികുതി വിഹിതങ്ങളിൽ പ്രതീക്ഷിക്കുന്ന |

| | | |
|---|---|---|
| | ലഭിച്ചതിന്റെ എത്ര ശതമാനം വർദ്ധനയാണിത്; വ്യക്തമാക്കുമോ? | വളർച്ചാനിരക്ക് ചുവടെ ചേർക്കുന്നു.<br>കോർപ്പറേഷൻ നികുതി 56.59%<br>കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായ നികുതികൾ 69.10 %<br>സമ്പത്ത് നികുതി (–) 101.90 %<br>കസ്റ്റംസ് തീരുവ 59.62 %<br>കേന്ദ്ര എക്സൈസ് തീരുവ 71.85 %<br>സേവന നികുതി 83.78 % |

സെക്ഷൻ ഓഫീസർ